**14-ാം കേരള നിയമ സഭ**

**7-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3557** **22.08.2017-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് വാഗ്ദാനം ചെയ്ത എയിംസ്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. സി.കൃഷ്ണൻ**<br>**ശ്രീ. കെ. ദാസൻ**<br>**ശ്രീ. പി. ഉണ്ണി**<br>**ശ്രീ.കെ.ജെ. മാക്സി :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തിന് വാഗ്ദാനം ചെയ്ത എയിംസ് അനുവദിക്കാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടുണ്ടോ; ഇതിനു വിഘാതമായി എന്തെങ്കിലും കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് കേന്ദ്രസർക്കാർ നയം തിരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) എല്ലാ സംസ്ഥാനങ്ങളിലും എയിംസ് പോലുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി അനുയോജ്യമായ മൂന്നോ നാലോ സ്ഥലങ്ങൾ കണ്ടെത്തി നൽകുവാൻ വേണ്ടി കേന്ദ്ര സർക്കാർ അഭ്യർത്ഥിച്ചിരുന്നു. 2015-16 ബജറ്റ് പ്രഖ്യാപനത്തിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ തുടർന്നുള്ള ഘട്ടത്തിൽ പരിഗണിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിനെ എയിംസ് നിലവാരത്തിലേക്ക് ഉയർത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിനെ എയിംസ് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിലെ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് പുതിയ പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കി വരുന്നു. |
| (സി) മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവയുടെ നവീകരണത്തിനായി മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ? | (സി) മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവയുടെ നവീകരണത്തിനായി 2016-17 സാമ്പത്തിക വർഷത്തെ ഇടക്കാല ബഡ്ജറ്റിൽ മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 1000 കോടി രൂപ |

വകയിരുത്തിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ആർദ്രം പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. ആയത് പ്രകാരമുള്ള പ്രവർത്തനങ്ങൾ കിഫ്ബി-യിൽ ഉൾപ്പെടുത്തി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 8 ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനും, 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനായി കണ്ണൂർ ജില്ലാ ആശുപത്രിക്ക് 76.44 കോടി രൂപ, എറണാകുളം ജനറൽ ആശുപത്രിക്ക് 76.17 കോടി, താലൂക്കാസ്ഥാന ആശുപത്രി പുനലൂരിന് 64.43 കോടി രൂപ എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**